ഉത്തരം

(എ) തിരുവനന്തപുരം ഫോറസ്റ്റ് ഡിവിഷനിൽ താൽക്കാലികമായി ജോലിക്ക് നിയോഗിച്ച ദിവസക്കൂലി വാച്ചർമാർക്ക് 2014 സെപ്റ്റംബർ മാസം വരെയുള്ള വേതനം വിതരണം ചെയ്തിട്ടുണ്ട്.

(ബി) ലെറ്റർ ഓഫ് ക്രെഡിറ്റ് (LC) യഥാസമയം ലഭിക്കാത്തത്തു കാരണമാണ് വേതനം വിതരണം ചെയ്യുന്നതിന് കാലതാമസം നേരിട്ടിട്ടുള്ളത്.

(സി) 2014 വർഷത്തെ ഉത്സവബത്ത വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) മസ്ദൂർ വാച്ചർമാരുടെ മസ്റ്റർ റോളുകൾ യഥാസമയം തയ്യാറാക്കി അംഗീകരിച്ച് തൊട്ടടുത്ത മാസം തന്നെ അവരുടെ വേതനം വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

വനം വകുപ്പിന്റെ തടി വിൽപ്പന

271 (3905) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ വനം വകുപ്പിന്റെ തടി വിൽപ്പനയിലൂടെ എത്ര രൂപയാണ് ലഭിച്ചത്; ഓരോ വർഷവും ലഭിച്ച തുകയും വിറ്റ തടിയുടെ അളവും തടിയുടെ പേരും വ്യക്തമാക്കുമോ ;

(ബി) ഇപ്രകാരം തടി വിൽപ്പന നടത്തുന്നതിനുള്ള നടപടികൾ എന്തെല്ലാമായിരുന്നു ; തടി വില എപ്രകാരമായിരുന്നു ;

(സി) നിലവിലുള്ള ഈ സംവിധാനം മാറ്റിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പുതിയ സംവിധാനത്തിന്റെ വിശദാംശങ്ങൾ നൽകുമോ ;

(ഡി) തടി വില്പന നടത്തുന്നതിനായി സ്വകാര്യ കമ്പനികളെ നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ തെരഞ്ഞെടുക്കപ്പെട്ട കമ്പനികളുടെ പേരും തെരഞ്ഞെടുത്ത മാനദണ്ഡങ്ങളും കമ്പനികളുമായുണ്ടാക്കിയ വ്യവസ്ഥകളും വ്യക്തമാക്കുമോ ;

(ഇ) പുതിയ സംവിധാനത്തിലൂടെ സർക്കാരിനുണ്ടാകുന്ന നേട്ടം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) കേരള വനംവകുപ്പിലെ തടി വിൽപ്പന വിഭാഗം ഡിവിഷനുകീഴിലെ തടി ഡിപ്പോകളിൽ സർക്കാർ അംഗീകരിച്ച് ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന ദർഘാസ് ലേല വ്യവസ്ഥകളും തീയതികളും അനുസരിച്ച് തടി ലേലം ചെയ്ത് വിൽപ്പന നടത്തുന്നു. ലേലത്തിൽ നിയമാനുസരണം പങ്കെടുക്കുവാൻ അനുവദിക്കപ്പെട്ടവരുടെ സാന്നിദ്ധ്യത്തിൽ മുൻ നിശ്ചയിക്കപ്പെട്ട ലോട്ടുകളുടെ ലേലം ഒന്നൊന്നായി നടത്തുകയാണ് ചെയ്തിരുന്നത്. ഓരോ ലോട്ടിലും ലേലം കഴിയുന്ന മുറയ്ക്ക് ആ ലോട്ടിനെ സംബന്ധിച്ച് ദർഘാസ് തുറക്കുകയും ആയതിന്റെ വിവരം പരസ്യമായി ലേലത്തിൽ പങ്കെടുക്കുന്നവരെ അറിയിക്കുകയുമാണ് ചെയ്തിരുന്നത്. ഓരോ ലോട്ടിലും ഈ വിധം ലേലവും തുടർന്ന് ദർഘാസ് തുറക്കുകയും ചെയ്യുകയാണ് മുൻപത്തെ നടപടി ക്രമം. തടി വില സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) നിലവിലുള്ള സംവിധാനത്തിൽ മാറ്റം വരുത്തി ഇ-ലേല സംവിധാനം നിലവിൽവന്നിട്ടുണ്ട്. ടി രീതികളിൽ ഇ-ലേല സംവിധാനം വന്നതോടുകൂടി മാറ്റം വന്നിട്ടുണ്ട്. വനംവകുപ്പിൽ തടി ഉൾപ്പെടെയുള്ള വനവിഭവങ്ങൾ വിൽപ്പന നടത്തുന്നതിന് ഓൺലൈൻ മുഖേനയുള്ള ഇ-ലേല സംവിധാനത്തിൽ ടി ഉൽപ്പന്നങ്ങൾ വാങ്ങാൻ ഉദ്ദേശിക്കുന്ന ഉപഭോക്താവ് MSTC-യുടെ വെബ്സൈറ്റായ www.mstcecommerce.com-ൽ രജിസ്റ്റർ ചെയ്യുക എന്നതാണ് ആദ്യഘട്ടം.

ഉൽപ്പന്നങ്ങളുടെ തരംതിരിവ്, അളവ് എന്നീ കാര്യങ്ങളിൽ നിലവിലുള്ള രീതി തന്നെയാണ് ഓൺലൈനിലും പിന്തുടരുന്നത്. തടി ഉൾപ്പെടെയുള്ള വനോൽപ്പന്നങ്ങൾ തരംതിരിച്ച് ലോട്ട് ലിസ്റ്റ് തയ്യാറാക്കി വിശദവിവരങ്ങൾ MSTC യുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും. സൈറ്റിൽ പേര് രജിസ്റ്റർ ചെയ്ത എല്ലാ വ്യക്തികൾക്കും തടി വിൽപ്പന സംബന്ധിച്ച വിശദവിവരങ്ങൾ ഇ-മെയിൽ മുഖാന്തിരവും എസ്.എം.എസ്. വഴിയും ലഭ്യമാക്കുന്നതാണ്. മുൻകൂട്ടി നിശ്ചയിച്ച ലേലം സംബന്ധിച്ച പട്ടിക MSTC യുടെ വെബ്സൈറ്റിൽ ലഭ്യമായിരിക്കും. നിശ്ചയിച്ചിട്ടുള്ള നിരതദ്രവ്യം (EMD) അടച്ച് ലേലത്തിൽ പങ്കാളിയാകാം. തടി വാങ്ങാൻ ഉദ്ദേശിക്കുന്ന വ്യക്തി ലേല തീയതിയ്ക്കു മുൻപ് തടി സൂക്ഷിച്ചിട്ടുള്ള ഡിപ്പോ/ ഡമ്പിംഗ് സൈറ്റ് സന്ദർശിച്ച് ഉൽപ്പന്നങ്ങളുടെ അളവുകളും, ഗുണനിലവാരവും തരംതിരിവുകളും കണ്ട് ബോദ്ധ്യപ്പെടാവുന്നതാണ്.

(ഡി) തടി വിൽപന നടത്തുന്നതിനായി സ്വകാര്യകമ്പനികളെ നിശ്ചയിച്ചിട്ടില്ല. ഭാരത സർക്കാർ നിയന്ത്രണത്തിലുള്ള M/s MSTC Ltd. എന്ന പൊതുമേഖലാ സ്ഥാപനം ഇ-ലേലംവഴിയാണ് തടി വിൽപന നടത്തുന്നത്. 18-3-2014-ലെ സർക്കാർ ഉത്തരവ് ജി. ഒ. (ആർ.ടി) 132/2014/വനം പ്രകാരമാണ് M/s MSTC Ltd എന്ന കമ്പനിയുമായി ഉടമ്പടി ഒപ്പ് വച്ചിട്ടുള്ളത്. ടി ഉടമ്പടി 30-9-2014 മുതൽ പ്രാബല്യത്തിൽ വന്നതും പ്രസ്തുത ഉടമ്പടിക്ക് 6 മാസത്തെ കാലാവധി ഉണ്ടായിരിക്കുന്നതുമാണ്. M/s MSTC Ltd. നൽകുന്ന സേവനത്തിന് തടിവിൽപ്പനയിലൂടെ ലഭിക്കുന്ന വരുമാനത്തിന്റെ 0.8% (നിയമാനുസരണമുള്ള നികുതികൾക്കു പുറമെ) ആണ് സർവ്വീസ് ചാർജ്ജായി നിശ്ചയിച്ചിട്ടുള്ളത്.

(ഇ) കഴിഞ്ഞ ഒരു മാസത്തിനകം നടത്തിയ ഇ-ലേലത്തിൽ ചില സ്ഥലങ്ങളിൽ സാധാരണ ലേലത്തിനെക്കാൾ 20-30% വർദ്ധനവ് ഉണ്ടായിട്ടുണ്ട്. പുതിയ സംവിധാനം, മത്സര ബുദ്ധിയോടെയുള്ള ലേലം ഉറപ്പാക്കുന്നതിനാൽ വിലയിൽ ഭാവിയിൽ 20%-ത്തോളം വർദ്ധനവും തൻമൂലം സർക്കാരിന് വർദ്ധിച്ച വരുമാനവും ലഭിക്കും എന്ന് പ്രതീക്ഷിക്കുന്നു. ഇ-ഓക്ഷൻ വഴി നടപടികളിലെ കാലതാമസം ഒഴിവാക്കുന്നതിനും വേഗമാർന്ന നടപടികളിലൂടെ ലേലം നടപ്പിലാക്കുന്നതിനും സാധിക്കുന്നു. സുതാര്യതയും, വിശ്വാസ്യതയും ഓൺലൈൻ രീതിയിലൂടെ ഉറപ്പുവരുത്തുന്നു.

ശ്രീ. കെ. ബാബു രാജൻ പിള്ളയുടെ സീനിയോറിറ്റി പുനഃക്രമീകരണം

272 (3906) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വനംവകുപ്പിൽ തസ്തികമാറ്റം നടത്തി ഡെപ്യൂട്ടി റെയ്ഞ്ചറായ ശ്രീ. കെ. ബാബു രാജൻപിള്ളയുടെ സീനിയോറിറ്റി പുനഃക്രമീകരിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ ഏതു ഘട്ടംവരെ എത്തിയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

വനം വകുപ്പിലെ ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ, ശ്രീ. കെ. ബാബു രാജൻ പിള്ളയുടെ സ്ഥാനം, വനം വകുപ്പിലെ ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ 1-3-2011 തീയതി കണക്കാക്കി പ്രസിദ്ധീകരിച്ച താൽക്കാലിക സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നമ്പർ 7 (എ) ആയി

LIBRARY ARCHIVES Kerala Legislative Assembly